പബ്ലിക് റിലേഷൻസ് ഡയറക്ടറുടെ യാത്രപ്പടി

1262 [2029] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് റിലേഷൻസ് ഡയറക്ടർ ശ്രീ. കെ. എം. ചാക്കോ എന്നാണ് ഡയറക്ടറായി ചാർജെടുത്തത്:

(ബി) ശ്രീ. ചാക്കോ ചാർജെടുത്തതു മുതൽ 28-2-1979 വരെ യാത്രപ്പടി, അലവൻസുകൾ തുടങ്ങിയ ഇനത്തിൽ എത്ര രൂപ കൈപ്പറ്റി. വിശദമായ സ്റ്റേറ്റ്മെൻറ് മേശപ്പുറത്തു വെയ്ക്കുമോ;

(സി) ശ്രീ. ചാക്കോ ഡയറക്ടറായതിനുശേഷം എത്ര ഡൽഹി യാത്രകൾ നടത്തി. അതിനു ചെലവായ സംഖ്യ എത്ര; ഏതെല്ലാം ആവശ്യത്തിനാണ് ഡൽഹിയാത്ര നടത്തിയത്?

ഉത്തരം

(എ) ശ്രീ. കെ. എം. ചാക്കോ 1978 ജൂലൈ 20-ാം തീയതിയാണ് പബ്ലിക് റിലേഷൻസ് ഡയറക്ടർആയി ചാർജെടുത്തത്.

(ബി) ശ്രീ. ചാക്കോ ചാർജെടുത്തതിനുശേഷം 28-2-1979 വരെ ആകെ 8295 രൂപ 25 പൈസ യാത്രപ്പടി, ദിനബത്ത എന്നീ ഇനത്തിൽ കൈപ്പറ്റി. വിശദവിവരം താഴെ ചേർക്കുന്നു.

ജൂലൈ	1978	100	രൂപ
ഓഗസ്റ്റ്	,,	ഇല്ല	
സെപ്തംബർ	,,	104.25	,,
ഒക്ടോബർ	,,	584.10	,,
നവംബർ	,,	552.65	,,
ഡിസംബർ	,,	2369.15	,,
ജനുവരി	1979	1960.00	,,
ഫെബ്രുവരി	,,	2625.10	,,
ആകെ		8295.25	രൂപ

(സി) ഡയറക്ടറായതിനുശേഷം ശ്രീ. ചാക്കോ മൂന്നു പ്രാവശ്യം ഡൽഹിയാത്ര നടത്തി. പ്രസ്സ് കമ്മീഷൻ ആവശ്യപ്പെട്ടതനുസരിച്ച് പ്രസ് കമ്മീഷൻ സെക്രട്ടറിയുമായി ചില ചർച്ചകൾ നടത്താൻ വേണ്ടി 1978 ഡിസംബറിലും, 1979 നവംബർ-ഡിസംബർ മാസങ്ങളിൽ ഡൽഹിയിലെ പ്രഗതി മൈതാനത്ത് നടത്തുന്ന ഇൻറർ നാഷണൽ ട്രേഡ് ഫെയറിൽ കേരളത്തിനുവേണ്ടി ആവശ്യമായ പവലിയൻ നിർമ്മിക്കുന്നതിന് തക്കതായ ഒരു പ്ലോട്ട് തെരഞ്ഞെടുക്കുന്നതിനുവേണ്ടി 1979 ജനുവരിയിലും, അന്തർ സംസ്ഥാന സാംസ്കാരിക വിനിമയപരിപാടിയുടെ സംസ്ഥാന ലെയിസോൺ ഓഫീസർമാരുടെ കോൺഫറൻസിൽ സംബന്ധിക്കുന്നതിനും ട്രേഡ് ഫെയറിൻറെ നടത്തിപ്പിനെപ്പറ്റി 'ട്രേഡ് ഫെയർ അതോറിറ്റി ഓഫ് ഇൻഡ്യ' യുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെട്ട ഒരു വർക്ക്ഷോപ്പിൽ പങ്കെടുക്കുന്നതിനും വേണ്ടി 1979 ഫെബ്രുവരിയിലും

LIBRARY ARCHIVES Kerala Legislative Assembly

പബ്ലിക് റിലേഷൻ ഡയറക്ടർക്ക് ഡൽഹിയിലേക്ക് പോകേണ്ടി വന്നു. അദ്ദേഹം ഡയറക്ടറായതിനുശേഷം വാങ്ങിയ മൊത്തം യാത്രപ്പടിയായ 8295 രൂപ 25 പൈസയിൽ 5865 രൂപ മേൽപ്പറഞ്ഞ ഡൽഹിയാത്രകൾക്കുവേണ്ടിയാണ് ചെലവായത്.

ഫെസ്റ്റിവൽ അലവൻസ്

1263 [2030] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ജീവനക്കാർക്ക് ഫെസ്റ്റിവൽ അലവൻസ് കൊടുത്തതു മൂലം സ്റ്റേറ്റിൽ വന്ന അധികചെലവെത്രയാണ്;

(ബി) അടുത്തവർഷത്തിൽ ഫെസ്റ്റിവൽ അലവൻസ് കൊടുക്കുന്നതിന് ഗവൺമെന്റിനു ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) 5 കോടി രൂപ.

(ബി) അതേപ്പറ്റി ആലോചിച്ചിട്ടില്ല.

അക്രഡിറ്റേഷൻ ഉള്ള പത്രലേഖകർ

1264 [2031] ശ്രീ. എം. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ അക്രഡിറ്റേഷൻ ഉള്ള എത്ര പത്രലേഖകർ ഉണ്ട്:

(ബി) ഇവരിൽ സ്റ്റേറ്റ് അക്രഡിറ്റേഷൻ ലഭിച്ചവർ എത്ര;

(സി) ജില്ലാതല അക്രഡിറ്റേഷൻ ലഭിച്ചവർ എത്ര;

(ഡി) അക്രഡിറ്റേഷൻ നൽകുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്താണ്:

(ഇ) ഒരു അക്രഡിറ്റേഷൻ കമ്മിറ്റി നിലവിലുണ്ടോ;

(എഫ്) എത്ര മാസത്തിൽ ഒരിക്കലാണ് കമ്മിറ്റി കൂടുന്നത്;

(ജി) കമ്മിറ്റിയുടെ ചെയർമാൻ ആരാണ്;

(എച്ച്) മറ്റംഗങ്ങൾ ആരൊക്കെയാണ്?

ഉത്തരം

(എ) 173

(ബി) 51

(സി) 122

(ഡി) നിയമാവലിയുടെ ഒരു കോപ്പി അനുബന്ധമായി വെച്ചിട്ടുണ്ട്.*

(ഇ) ഉണ്ട്.

*ലൈബ്രറിയിൽ വെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly